
APRIL 2023 ONLINE Edition

സെന്റ് തോമസ് ഓർത്തഡോക്സ് വൈദീക സംഘത്തിന്റെ ഔദ്യോഗിക മുഖപത്രം

# അജപാലകൻ



# അജപാലകൻ

സെന്റ് തോമസ് ഓർത്തഡോക്സ് വൈദീക സംഘത്തിന്റെ ഔദ്യോഗിക മുഖപത്രം

**ഇടയമൊഴി**
ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത

**എഡിറ്റോറിയൽ**
ഫാ. ഡോ. നൈനാൻ വി. ജോർജ്

**വീണ്ടും ഒരു അദ്ധ്യായം – ഉയിർത്തെഴുന്നേൽപ്പ്**
ഫാ. റോബിൻ വർഗ്ഗീസ്, നിരണം ഭദ്രാസനം

**ഹോ... ചെവി പൊട്ടുന്നു...എന്താണ് പരിഹാരം ?**
ഫാ. മാത്യു കോശി മോടിശ്ശേരിൽ

**എഴുന്നേൽക്കുക!**
ഫാ. നിതിൻ മാത്യു, ഇടുക്കി

**പുനരുത്ഥാനം :**
**സമൃദ്ധമായ ജീവനിലേക്കുള്ള യാത്ര**
Fr. Nithin Koshy, Basil Dayara, Pathanamthitta

**വിളക്ക്തണ്ട്**
ഫാ. ലിജോ തൂക്കനാൽ


**Editorial board**

Patron : H H BASELIUS MARTHOMA MATHEWS III
President : H G Dr. Mathews mar Themothios
Chief Editor : Fr. Dr. Ninan V George
Associate Editor : Fr Dr. Mathew Varghese
Managing Editor : Fr. Lijo Thookkanal
Editorial board : Fr. Luke Babu
Fr. Biji john
Fr. Rijo Geevarghese
Fr. Nithin Mathew
Fr. Jijin Sam
Fr. Tony mathew jacob



Published By FR. DR. NINAN V. GEORGE, GENERAL SECRETARY,STOVS OTS, KOTTAYAM

# ഇടയമൊഴി



**കർത്താവിൽ പ്രിയരേ**

ത്രിത്വനാമത്തിൽ ഏവർക്കും സ്നേഹം അറിയിക്കുന്നു

യെശയ്യാ 55:6:

**യഹോവയെ കണ്ടെത്താവുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ.**

യേശുതമ്പുരാന്റെ പീഡാനുഭവവും, കുരിശുമരണവും, മൂന്നാം ദിവസം ഉള്ള പുനരുത്ഥാനവും ലോകം മുഴുവനുമുള്ള ക്രൈസ്തവ സമൂഹം മുഴുവൻ വ്രതാനുഷ്ഠാനത്തോടെ അനുസ്മരിക്കുന്ന ഈ സമയം വളരെ പ്രസ്കതമായ ഒരു ചിന്തയാണ് യെശയ്യാ പ്രവാചകൻ മേല്പറഞ്ഞ വാക്യത്തിലൂടെ നമ്മോടു സംവേദിക്കുന്നത്. യേശു അവളോടു പറഞ്ഞു: "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ 11 : 25) "ക്രിസ്തുവിൽ മരിക്കുക, അവനോടു കൂടെ ജീവിക്കുക" എന്നതിന്റെ അർത്ഥവ്യാപ്തി ഇവിടെ നാം തിരിച്ചറിയണം... പുനരുത്ഥാനത്തിലുള്ള വിശ്വാസത്തിലൂടെ യേശു തന്നോടുതന്നെ ലോകത്തെ ബന്ധിപ്പിക്കുന്നു. മനുഷ്യപ്രകൃതിക്ക് അതിന്റെ സ്വാഭാവികമായ അവസ്ഥയിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല .. 'ഞങ്ങളുടെ മനുഷ്യത്വത്തിന്റെ പശ്ചിമ ഭാഗത്തേക്ക് വാഹനമേറിയ പ്രകാശത്തിന്റെയും , ഉദയത്തിന്റെയും നാഥനായ ദൈവത്തിനു സ്തുതി ' എന്ന് വി. പിതാക്കന്മാർ പ്രാർത്ഥിക്കുവാൻ കാരണവും മനുഷ്യന്റെ പരിമിതിയെ തിരിച്ചറിഞ്ഞ ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലേകത്തെ സ്നേഹിച്ചു എന്ന ആ അറുതിയില്ലാത്ത സ്നേഹത്തെ തിരിച്ചറിഞ്ഞു അനുഭവിച്ചതുകൊണ്ടാണ്. പാപം ഇല്ലാത്തവൻ പാപികളായ നമ്മൾക്ക് വേണ്ടി സ്വയം സമർപ്പിക്കുന്ന കുദാശയായി ലോകത്തിലേക്ക് വന്നു, മരണത്തെ ജയിച്ചു ഉയിർപ്പിന്റെ സന്തോഷം ലോകത്തിനു പ്രദാനം ചെയ്തതുകൊണ്ടാണ്. ക്രിസ്തു ഉയർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസവും, ഞങ്ങളുടെ പ്രസംഗവും വ്യർത്ഥം എന്ന് വി. പൗലോസ് അപ്പോസ്തോലൻ പറയുന്നതും അതുകൊണ്ടാണ്. യേശുവിൽ വിശ്വസിക്കുകയും, അനുഭവിക്കുകയും, അവിടുത്തെ വചനം പാലിക്കുകയും ചെയ്യുന്ന ഓരോ മനുഷ്യനും പുനരുത്ഥാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ സന്തോഷം ആസ്വദിക്കാനാകും. വി. കുർബാനയിലൂടെ നാം അവന്റെ പീഡാനുഭവത്തിലും , ഉയർപ്പിലും പങ്കുകാരാ

**" ഈ ലോകജീവിതത്തിലെ
മനുഷ്യന്റെ സകല ഉദ്യമങ്ങൾക്കും അന്ത്യം കുറിക്കുന്ന
മരണമെന്ന യാഥാർത്ഥ്യത്തെ പരാജയപ്പെടുത്തി
ക്രിസ്തു മനുഷ്യവംശത്തിന് പ്രത്യാശയും ആനന്ദവും പ്രദാനം
ചെയ്ത ചരിത്രം കുറിച്ച പെരുന്നാൾ ദിനം .
അതാണ് ഈസ്റ്റർ ദിനത്തിൽ നമുക്ക് ധ്യാനിക്കുവാനുള്ള ചിന്ത"**

.........................................................................................

കുന്നു. രണ്ടാമത്തെ വരവിൽ ഒരുക്കമുള്ളവരായി നോക്കിപ്പാർക്കുവാൻ ശ്രദ്ധയോടു കൂടിയ സഭാ ജീവിതം നമ്മെ പ്രാപ്തമാക്കുന്നു.

യേശുതമ്പുരാന്റെ ഉയിർപ്പ് ലോകത്തിനു നൽകുന്നത് രണ്ടു സന്ദേശങ്ങൾ ആണ് കുരിശില്ലാത്ത കിരീടം ഇല്ല എന്നതും, രാത്രി ഇല്ലാതെ ഒരു പകൽ ഇല്ല എന്നതും. നമ്മുടെ ജീവിത സാഹചര്യങ്ങളിൽ നാം മനസിലാക്കേണ്ട ജീവിതഗന്ധിയായ ചിന്തയാണ് ഇവ. ജീവിതം സുഖ ദുഃഖ സമ്മിശ്രമാണ്. അതിനെ ഉൾക്കൊണ്ട് ദൈവാശ്രയത്തോടെ ജീവിക്കുക എന്നതാണ് പ്രധാനം. തിന്മയുടെ മേൽ ജയം കണ്ട ദിവസം. മരണത്തിന്റെ വിഷമുള്ളു ഓടിച്ചു കളഞ്ഞ ദിവസം. ഈ ലോകജീവിതത്തിലെ മനുഷ്യന്റെ സകല ഉദ്യമങ്ങൾക്കും അന്ത്യം കുറിക്കുന്ന മരണമെന്ന യാഥാർത്ഥ്യത്തെ പരാജയപ്പെടുത്തി ക്രിസ്തു മനുഷ്യവംശത്തിന് പ്രത്യാശയും ആനന്ദവും പ്രദാനം ചെയ്ത ചരിത്രം കുറിച്ച പെരുന്നാൾ ദിനം. അതാണ് ഈസ്റ്റർ ദിനത്തിൽ നമുക്ക് ധ്യാനിക്കുവാനുള്ള ചിന്ത. വിശ്വാസജീവിതത്തിന്റെ അടിത്തറയായ ക്രിസ്തുവിന്റെ ഉയിർപ്പ് ഒരു കെട്ടുകഥയോ, ശിഷ്യൻമാരുടെ ഭാവനയിൽ വിരിഞ്ഞ സാങ്കല്പിക കഥയോ അല്ല. അത് ഒരു ചരിത്ര യാഥാർത്ഥ്യമാണ്. വെള്ളിയാഴ്ച കുരിശിക്കപ്പെട്ട സത്യം ഞായറാഴ്ച ഉയിർത്തു. മാനവരാശിയെ സംബന്ധിച്ചു അവന്റെ പ്രത്യാശ ഈ ഉയർപ്പാണ് .

പാപത്തിന്റെ അവസ്ഥയിൽ നിന്ന് വി. മാമ്മോദീസായിൽ കൂടെ നമുക്ക് പാപമോചനവും നിത്യജീവിതത്തിലുള്ള പങ്കാളിത്തവും ലഭിക്കുന്നു അങ്ങനെ ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ നാം പങ്കുചേരുന്നു. അവസാനം മരണാനന്തരം നമുക്ക് പുനരുത്ഥാനം കരഗതമാകുന്നത് ക്രിസ്തുവിന്റെ രക്ഷാകരമായ പുനരുത്ഥാനം വഴിയാണ്. അതായത് ക്രിസ്തുവിന്റെ ഉയിർപ്പാണ് രക്ഷയുടെ അടിസ്ഥാനം. ഈ ഉത്ഥാനാനുഭവമാണ് നമ്മുടെ വിശ്വാസത്തിന്റെയും പ്രഘോഷണത്തിന്റെയും അടിത്തറയായി നിലകൊള്ളുന്നത്. വി. സഭയുടെ സുവിശേഷവും മണവാളനായ ക്രിസ്തുവിന്റെ ഉയിർപ്പാണ്. ഉത്ഥാനം ചെയ്ത ക്രിസ്തു ശിഷ്യഗണത്തിന് നൽകിയ പ്രധാനപ്പെട്ട സമ്മാനം സമാധാനമാണ്. ഉത്ഥാനത്തിനുശേഷം ക്രിസ്തു ശിഷ്യഗണത്തെ അഭിസംബോധന ചെയ്തപ്പോഴെല്ലാം അവൻ ആദ്യം പറഞ്ഞത് 'നിങ്ങൾക്ക്



സമാധാനം' എന്നാണ്. അത് ലോകം തരുന്നത് പോലെ അല്ല. ഈ സമാധാനം അനുഭവിക്കണമെങ്കിൽ ഉത്ഥിതനോട് ചേർന്ന് നിൽക്കണം അവനെ അടുത്ത് അറിയുവാനും, കണ്ടെത്തുവാനും ശ്രമിക്കണം. യഹോവയെ കണ്ടെത്താവുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ. അടുത്തുള്ളവനെ കാണാതെ പോകുന്ന, തിരിച്ചറിയാതെ പോകുന്ന ആത്മീയ അന്ധത ബാധിച്ചവരായി തീർന്നുപോകാതെയിരിപ്പാൻ ഉള്ള ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയും, പ്രവർത്തനവുമാണ് നമുക്ക് ആവശ്യം. നമ്മുടെ നോമ്പ് ഉപവാസങ്ങളും, സഭാ ജീവിതവും എല്ലാം അതിനുള്ള മുഖാന്തരങ്ങൾ ആയി മാറണം. ഏകസത്യദൈവമായ ദൈവത്തെയും , അവിടുന്ന് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ' (യോഹ 17:3). ആ ശ്രേഷ്ഠമായ ജീവിതത്തിനു നമുക്ക് സാധ്യമാകുവാൻ ഇടയാകട്ടെ. എല്ലാവർക്കും പ്രത്യാശ നിർഭരമായ സമാധാനപൂർണ്ണമായ, അനുഗ്രഹപൂർണ്ണമായ ഉയിർപ്പു പെരുന്നാൾ ആശംസകൾ നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

ശേഷം പിന്നാലെ,

ദൈവം അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ

**ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത**

അജപാലകൻ
സെന്റ് തോമസ് ഓർത്തഡോക്സ് വൈദീക സംഘത്തിന്റെ
ഔദ്യോഗിക മുഖപത്രം





# എഡിറ്റോറിയൽ

ഉയിർപ്പ് നൽകുന്ന പ്രതീക്ഷയും പ്രത്യാശയും ജീവിതത്തിൽ ഒരിക്കലും നിറം മങ്ങിപ്പോകാതെ കാക്കുവാൻ നമുക്ക് ഉത്തരവാദിത്തം ഉണ്ട്. മഹത്വ പൂർണ്ണനായ ക്രിസ്തുവിന്റെ ഉത്ഥാനം വഴി മരണത്തെ തോല്പിച്ചവൻ നമ്മുടെ ഹൃദയത്തിൽ വസിക്കണം. ക്രിസ്തു തിൻമയുടെ മേൽ ജയം പ്രാപിച്ചതിനാൽ മരണ ഭയത്തെയും അവൻ നമ്മുടെ ഹൃദയത്തിൽ നിന്ന് നീക്കികളഞ്ഞു. ക്രിസ്തുവിനോടു കൂടി മരിക്കേണ്ടതിന് നമുക്കും പോകാം എന്ന് നിർഭയം പ്രസ്ഥാവിച്ച തോമാശ്ലീഹായുടെ പിൻഗാമികളായ നമ്മുടെ ഉള്ളിലും ആ ധൈര്യം ഉയിർക്കണം. ഉത്ഥാനം ചെയ്തവനിൽ ഇനി മരണം കർതൃത്വം നടത്തുകയില്ല. ഉയരത്തിലുള്ളത് കാംക്ഷിക്കുവാൻ അവൻ നമ്മെ പ്രേരിപ്പിക്കുന്നു. ക്രിസ്തുവിലായ മനുഷ്യൻ ബലപ്പെട്ട് ജീവന്റെ അനു ഭവത്തിലും ഉയിർപ്പിന്റെ പുതുക്കത്തിലും ആയിത്തീരണം. സമകാലീന ജീവിത പ്രതിസന്ധികൾക്കു നടുവിൽ വർദ്ധിതവീര്യത്തോടെ പുനരുദ്ധാന ത്തിന്റെ ശക്തിയിൽ മുന്നേറുവാൻ നമുക്ക് കഴിയണം.

ഏവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ...

സ്നേഹാദരങ്ങളോടെ...

**ഫാ. ഡോ. നൈനാൻ വി. ജോർജ്**

# വീണ്ടും ഒരു അദ്ധ്യായം– ഉയിർത്തെഴുന്നേൽപ്പ്

ഫാ. റോബിൻ വർഗ്ഗീസ്, നിരണം ഭദ്രാസനം



നാം നടത്തിയ തീർത്ഥാടനത്തിന്റെ തീരവും തുറമുഖവും വന്നണഞ്ഞിരിക്കുന്നു. ജീവിതത്തിന്റെ ഇരുട്ടറുകളിൽ നിന്നും പ്രകാശ ഗോപുരങ്ങളിലേക്ക് ദൈവം കൈപിടിച്ച് നടത്തും എന്നതാണ് ഉത്ഥാനത്തിന്റെ പ്രതീക്ഷ. അതുകൊണ്ടാണ് ഈ വലിയ പെരുന്നാളിനെ നിസായിലെ വിശുദ്ധ ഗ്രീഗോറിയോസ് 'പകലിനെക്കാൾ പ്രോജ്ജ്വലമായ പ്രകാശ പെരുന്നാൾ' എന്ന് വിളിച്ചത്.

മനുഷ്യ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതി ചേർത്ത സംഭവം ആണല്ലോ നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ്. ഒരാളിന്റെ ജീവചരിത്രം രേഖപ്പെടുത്തുമ്പോൾ മരണവും കബറടക്കവും ആയിരിക്കും അവസാന അദ്ധ്യായം. അതിനുശേഷം എന്തെങ്കിലും എഴുതി ചേർക്കുകയാണെങ്കിൽ ആ ആളിനെക്കുറിച്ച് ഒരു ആസ്വാദനം മാത്രമായിരിക്കും അത്. എന്നാൽ യേശു തമ്പുരാനെ സംബന്ധിച്ചിടത്തോളം മരണവും കബറടക്കവും അല്ലായിരുന്നു അവസാന അദ്ധ്യായം. അതേ തുടർന്ന് വീണ്ടും ഒരു അദ്ധ്യായം ഉയിർത്തെഴുന്നേൽപ്പ്. The next chapter after the last chapter അവസാന അദ്ധ്യായത്തിന് ശേഷം ഒരു അദ്ധ്യായം, എന്ന പ്രത്യാശയുടെ സന്ദേശം

**"ക്രിസ്തു തന്റെ ശരീരമായ സഭയ്ക്ക് വേണ്ടി സ്വയം ബലിയർപ്പിച്ചവനും മരണത്തിന്റെ ശക്തിയെ തോൽപ്പിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റവനും ആകുന്നു. ആ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ക്രിസ്തീയ പ്രത്യാശയുടെ മൂലധാര."**



---

ലോകത്തിന് നൽകിയ മഹാ സംഭവമായിരുന്നു നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേലൽപ്.

തമിഴിൽ ഒരു ചൊല്ലുണ്ട് '**നാട്ടുക്കാകെ ഉയിർ കൊടുപ്പവൻ താൻ ഉൺമൈയാന തലൈവൻ**' അതായത് നാടിനുവേണ്ടി ജീവൻ കൊടുക്കുന്നവ നാണ് യഥാർത്ഥ നേതാവ്. അതേ, ക്രിസ്തു തന്റെ ശരീരമായ സഭയ്ക്ക് വേണ്ടി സ്വയം ബലിയർപ്പിച്ചവനും മരണത്തിന്റെ ശക്തിയെ തോൽപ്പിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റവനും ആകുന്നു. ആ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ക്രിസ്തീയ പ്രത്യാശയുടെ മൂലധാര.

ചരിത്രത്താളുകളിൽ എവിടെയോ രേഖപ്പെടുത്തിയ ഒരു ചരിത്ര പുരുഷൻ അല്ല ക്രിസ്തു. കാലത്തെ തന്നെ A. D എന്നും B.C എന്നും രണ്ടായി പകുത്തു എന്നതു മാത്രമല്ല, ഗൗരവമേറിയ വസ്തുത. ഇന്നും ജീവിക്കുന്ന ഒരു യാഥാർത്ഥ്യമാണ് മശിഹാ എന്നതാണ് ഉയിർപ്പ് വെളിവാക്കുന്ന സത്യം. ആ സത്യം അല്ലേ പരിശുദ്ധനായ പൗലോസ് ശ്ലീഹാ 1 കൊരി.15:14 ൽ പറയുന്നത് 'ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥമത്രേ' എന്ന്.

നമ്മുടെ ആരാധനയും ആഘോഷങ്ങളും അതിലുപരി നമ്മുടെ അനുദിന ജീവിതവും ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിക്കുവാനും അനുഭവിച്ചറിയുവാനും ഉതകുന്നതായി തീരട്ടെ.

ഉത്ഥിതനായവന്റെ ചൈതന്യം നമ്മിൽ നിറഞ്ഞു നിൽക്കാൻ ഇടയാകട്ടെ...



# ഹോ... ചെവി പൊട്ടുന്നു... എന്താണ് പരിഹാരം ?...

ഫാ. മാത്യു കോശി മോടിശ്ശേരിൽ

ഇന്നിപ്പോൾ സാധാരണ കേൾക്കുന്ന ഒരു പരാതിയാണ് പള്ളിയ്ക്കുള്ളിൽ നിൽക്കുവാൻ സാധിക്കുന്നില്ല. ലൗഡ് സ്പീക്കറിന്റെ അടുത്ത് നിൽക്കുന്നവർക്ക് തലവേദന എടുക്കുന്നു. അനൗൺസ്മെൻറ് വ്യക്തമാകുന്നില്ല. പള്ളിയ്ക്കുള്ളിൽ ഭയങ്കര മുഴക്കം. ചൊല്ലുന്നവർക്ക് തൃപ്തി കിട്ടുന്നില്ല.

കഴിഞ്ഞ കുറേ കാലങ്ങളായി കേൾക്കുന്ന ചില പരാതികൾ ആണ് ഇതൊക്കെ. എന്താണ് ഇതിന് പരിഹാരം ? പരിഹാരം വല്ലതുമുണ്ടോ ?
നമ്മുടെ ഇടവകയിലേക്ക് ഒരു സൗണ്ട് സിസ്റ്റം വാങ്ങാൻ തീരുമാനമെടുക്കുമ്പോൾ മുതൽ ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ നമുക്ക് ഇതിനൊക്കെ പരിഹാരം ഉണ്ടാക്കുവാൻ സാധിക്കും. അവ എന്തൊക്കെയാണ് ?

നാം ഒരു വീട് അല്ലെങ്കിൽ ഒരു ദേവാലയം പണിയുവാൻ തീരുമാനിച്ചാൽ ആദ്യം നാം ഒരു ആർക്കിടെക്റ്റിന്റെയൊ അല്ലെങ്കിൽ ഒരു നല്ല എഞ്ചിനീയറുടെയൊ സഹായം തേടും. അതുപോലെ തന്നെ പ്രാധാന്യം ഉള്ളതാണ് ഒരു നല്ല സൗണ്ട് എഞ്ചിനീയറുടെ സേവനം. ഒരു കടയിൽ കച്ചവടം മെച്ചമാക്കുവാൻ നിർത്തിയിരിക്കുന്ന ആളോ, സൗണ്ട് സിസ്റ്റം വാടകയ്ക്ക് നൽകുന്ന ആളിന്റെ


കൂടെയുള്ള ഓപ്പറേറ്ററെയോ അല്ല ഉദ്ദേശ്ശിക്കുന്നത്. ശാസ്ത്രീയമായി ഈ വിഷയം പഠിക്കുകയും അതിൽ അനുഭവ സമ്പത്തും ഉള്ള ആളുകൾ ആവണം. ഏതു ബ്രാൻഡിലുള്ള ഉൽപ്പന്നവും ശാസ്ത്രീയമായി അപഗ്രഥിച്ച് നമുക്ക് ഏറ്റവും യോജിച്ച സാധനങ്ങൾ തെരഞ്ഞെടുക്കുവാൻ കഴിവുള്ള ആളുകളാവണം.

അടിസ്ഥാനപരമായി നമ്മുടെ ദേവാലയത്തിന്റെ ഘടനയും ശബ്ദതരംഗങ്ങൾ അവയിൽ എപ്രകാരം പ്രവർത്തിക്കുന്നു എന്നത് കണ്ടുപിടിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഓരോ ദേവാലയത്തിന്റെയും നീളവും വീതിയും ഉയരവും വ്യത്യസ്തമായിരിക്കും. കൂടാതെ ഉള്ളിലെ അലങ്കാരങ്ങളും ചിത്രപ്പണികളും അവയ്ക്ക് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളും ഒക്കെ വ്യത്യസ്തമായിരിക്കും. തന്നിമിത്തം ഒരു ദേവാലയത്തിൽ ഒരു ലൗഡ് സ്പീക്കർ പുറപ്പെടുവിച്ച ശബ്ദം മറ്റൊരെണ്ണത്തിൽ നിന്ന് വ്യത്യസ്തമായിരിക്കും. ആയത് കൊണ്ട് ഒരു ദേവാലയത്തിൽ നല്ല ശബ്ദം കേൾപ്പിക്കുന്ന ഒരു സിസ്റ്റം മറ്റൊരിടത്ത് യോജിച്ചതാവണമെന്നില്ല.

രണ്ടാമതായി, ചില ദേവാലയങ്ങളുടെ ഉൾവശം പ്രത്യേകിച്ച് സീലിംഗ് വളരെ മിനുസമുള്ളതും തരംഗങ്ങളെ വളരെയേറെ പ്രതിഫലിപ്പിക്കുന്നവയായിരിക്കും. അങ്ങനെയുള്ളവയെ ലൈവ് (Live Room) എന്നും അല്ലാത്തവയെ ഡെഡ് (Dead Room ) എന്നും വിളിക്കും. താരതമ്യേന പ്രതിഫലനം കുറഞ്ഞ സാഹചര്യങ്ങളിൽ സാധാരണ നാം ഉപയോഗിക്കുന്ന Point Source വിഭാഗത്തിൽപ്പെടുന്ന ലൗഡ് സ്പീക്കറുകൾ കാര്യക്ഷമമാണെങ്കിലും പ്രതിഫലനം കൂടിയ ദേവാലയങ്ങളിൽ അവ നന്നായി പ്രവർത്തിക്കണമെന്നില്ല. അവിടെ Line Source വിഭാഗത്തിൽപ്പെടുന്ന ലൗഡ്സ്പീക്കറുകൾ ആവശ്യമായി വന്നേക്കാം.

**ശ്രദ്ധിക്കുക:** സീലിംഗിന്റെ ഉയരക്കൂടുതൽ ശബ്ദവ്യക്തതയെ ദോഷകരമായി ബാധിച്ചേക്കാം.

**"ഓരോ ദേവാലയത്തിന്റെയും നീളവും വീതിയും ഉയരവും വ്യത്യസ്തമായിരിക്കും. കൂടാതെ ഉള്ളിലെ അലങ്കാരങ്ങളും ചിത്രപ്പണികളും അവയ്ക്ക് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളും ഒക്കെ വ്യത്യസ്തമായിരിക്കും. തന്നിമിത്തം ഒരു ദേവാലയത്തിൽ ഒരു ലൗഡ് സ്പീക്കർ പുറപ്പെടുവിച്ച ശബ്ദം മറ്റൊരെണ്ണത്തിൽ നിന്ന് വ്യത്യസ്തമായിരിക്കും..."**






"...ഒരു വാട്ട്സ് ഒരു മീറ്റർ ദൂരത്തിൽ എത്ര dB SPL ശബ്ദം ഉണ്ടാക്കുന്നു എന്നതായിരിക്കണം നമ്മുടെ അളവുകോൽ....."

മൂന്നാമതായി ഒരു ലൗഡ് സ്പീക്കറിൽനിന്ന് വ്യക്തതയുള്ള ശബ്ദം വരുന്നത് അതിന്റെ acoustic centre ൽ നിന്ന് ഒരു നിശ്ചിത പാതയിൽ ആണ്. ഒരു കേൾവിക്കാരൻ നിൽക്കുമ്പോഴും ഇരിക്കുമ്പോഴും അദ്ദേഹത്തിന്റെ ചെവിയുടെ സ്ഥാനം ഈ പാതയിൽ ആയിരിക്കണം . അല്ലെങ്കിൽ ശബ്ദം വ്യക്തമാകുന്നില്ല എന്ന് പറഞ്ഞ് ഉച്ച കൂട്ടാൻ ശ്രമിക്കുകയും തന്മൂലം മറ്റു പല പ്രശ്നങ്ങളും ഉണ്ടാവുകയും ചെയ്യും.

നാലാമതായിട്ട്, പലപ്പോഴും നാം കേൾക്കുന്നതാണ് ലൗഡ് സ്പീക്കറുകളുടെ വാട്ട്സിനെപ്പറ്റി (watts). എത്ര വാട്ട്സിന്റെ ലൗഡ് സ്പീക്കറാണ് എന്നാണ് നമുക്ക് അറിയേണ്ടത്. ഒരു വാഹനം വാങ്ങാൻ പോകുമ്പോൾ അതിന്റെ ഇന്ധന ടാങ്കിന്റെ അളവ് ചോദിക്കുന്നത് പോലെയാണ് ഇത്. നാം പക്ഷെ അതല്ലല്ലോ മാനദണ്ഡമാക്കുന്നത്. ഒരു ലിറ്റർ ഇന്ധനം കൊണ്ട് എത്ര ദൂരം പോകാൻ സാധിക്കും എന്നതാണ് നമ്മുടെ മാനദണ്ഡം. വാട്ട്സ് ഒരു ഇലക്ട്രിക്കൽ യൂണിറ്റാണ്. അതല്ല നാം കേൾക്കുന്നത്. നാം കേൾക്കുന്ന ശബ്ദത്തിന്റെ യൂണിറ്റ് dB SPL (dB എന്നത് ഡെസിബൽ, SPL എന്നത് സൗണ്ട് പ്രഷർ ലെവൽ എന്നുമാണ്.) അപ്പോൾ ഒരു വാട്ട്സ് ഒരു മീറ്റർ ദൂരത്തിൽ എത്ര dB SPL ശബ്ദം ഉണ്ടാക്കുന്നു എന്നതായിരിക്കണം നമ്മുടെ അളവുകോൽ. ഇത് അടിസ്ഥാനമാക്കി ഒരു നിശ്ചിത ദൂരത്തിൽ എത്ര ശബ്ദം ലഭിക്കും എന്ന് കണക്കാക്കുവാൻ സാധിക്കും. എത്ര ലൗഡ് സ്പീക്കറുകൾ വേണമെന്ന് കൃത്യമായി കണ്ടു പിടിക്കാം

അഞ്ചാമതായി നമ്മൾ ആരും ഒട്ടും ശ്രദ്ധിക്കാതെ വിട്ടു പോകുന്ന ഒരു കാര്യം. മുകളിൽ പറഞ്ഞത് പോലെ ഓരോ ലൗഡ് സ്പീക്കറും ഓരോ സ്ഥലത്തും



വ്യത്യസ്തമായ രീതിയിലായിരിക്കും പ്രതികരിക്കുക. പ്രതിഫലനങ്ങളുടെ (Reflections) പ്രത്യേകതകൾ അനുസരിച്ച് ചില തരംഗദൈർഘ്യമുള്ള (wave length) തരംഗങ്ങൾ കൂടുതലാവുകയോ ചിലത് കുറഞ്ഞ് പോകുകയോ ചെയ്യുന്നത് കൊണ്ട് നാം കേൾക്കുന്ന ശബ്ദം വ്യത്യസ്തമായിരിക്കും. മാത്രമല്ല കൂടുതൽ നീളമുള്ള പള്ളികളിൽ ഒന്നിൽ കൂടുതൽ നിരകളിൽ ലൗഡ് സ്പീക്കറുകൾ വേണ്ടി വരുമ്പോൾ ഏറ്റവും പിറകിൽ നിൽക്കുന്ന ആളിന് പല നിരകളിലുള്ള ലൗഡ് സ്പീക്കറുകളിൽ നിന്ന് പല സമയത്ത് ശബ്ദം കേൾക്കേണ്ടി വരുമ്പോൾ അവ്യക്തത ഉണ്ടാകുവാനുള്ള സാധ്യത വളരെ കൂടുതലാണ്. ഈ വിധ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന മേഖലയാണ് Sound System Calibration. എല്ലാ ഉപകരണങ്ങളും ശരിയായ രീതിയിൽ ഇൻസ്റ്റാൾ ചെയ്തതിന് ശേഷം Calibration കൂടെ ചെയ്യുമ്പോളാണ് ഈ വിധ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത്. അതോടൊപ്പം നമുക്ക് ആരാധനയിൽ പൂർണ്ണ ശ്രദ്ധയോടെ മുഴുകുവാൻ സാധിക്കുന്ന തരത്തിലുള്ള ശബ്ദ നിയന്ത്രണവും ഇതോടൊപ്പം സാധ്യമാകും.

ഇപ്രകാരം ഭംഗിയായി ക്രമീകരിച്ച സൗണ്ട് സിസ്റ്റം അതുപോലെ പ്രവർത്തിക്കണം എന്നുണ്ടെങ്കിൽ അത് ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കണം. അത്യാവശ്യ പരിശീലനം ലഭിച്ച ആളുകൾ അത് പ്രവർത്തിപ്പിക്കുവാൻ ശ്രദ്ധിക്കണം. ഈ ലക്ഷ്യം മുന്നിൽ കാണ് ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക് ഈ വിഷയത്തിൽ ശാസ്ത്രീയമായ പരിശീലനം നൽകുവാൻ ആരംഭിച്ചിരിക്കുന്നത്. ആ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

ഫാ. നിതിൻ മാത്യു, ഇടുക്കി

# എഴുന്നേൽക്കുക!



പ്രകൃതിനിയമങ്ങളെ കുറെയൊക്കെ അതിജീവിക്കാൻ ഇന്ന് മനുഷ്യൻ പ്രാപ്തനാണ്; സന്ധ്യക്ക് സൂര്യൻ മറഞ്ഞു കഴിയുമ്പോൾ നാം ഇലക്ട്രിക് ബൾബുകൾ പ്രകാശിപ്പിക്കും, കാലാവസ്ഥ ഒരു പരിധിവരെ പ്രവചിച്ച് അതിനനുസരിച്ച് കൃഷിരീതികളും ജീവിതചര്യകളും ക്രമീകരിക്കും, അങ്ങനങ്ങനെ. എന്നാലിന്നും മനുഷ്യന് ഉത്തരം കിട്ടാത്ത ഒരു സമസ്യയുണ്ട്; മരണം. എന്ന്, എപ്പോൾ, എങ്ങനെ ഒരുവൻ മരിക്കും എന്നത് പ്രവചനാതീതമാണ്. അത് കൊണ്ട് തന്നെയാണ്, പ്രിയനടൻ ഇന്നസെൻറ് പറഞ്ഞത് പോലെ, നാം മരണത്തെ ഭയക്കുന്നതും. ഈ ലോകജീവിതത്തിന്റെ അവസാനമായ മരണത്തിനപ്പുറത്തും അനന്തസാധ്യതകൾ ഉണ്ടെന്ന ഓർമപ്പെടുത്തലാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം.

ഒരു മനുഷ്യന് ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും ഭീകരമായ മരണം ഏറ്റ് വാങ്ങിയവനാണ് ക്രിസ്തു. ആ മരണത്തിനുമപ്പുറത്ത് ദൈവികസാധ്യതകളുടെ മിന്നലാട്ടമാണ് ഉയിർപ്പ്. ഇന്ന് വളരെ ചെറിയ വീഴ്ചകളിൽ പോലും നാം വല്ലാതെ തളർന്ന് പോകാറുണ്ട്. ക്രിസ്തു നമ്മെ ഓർമിപ്പിക്കുന്നു; എഴുന്നേൽക്കുക. വീഴ്ച്ചകൾ അത്ര മേൽ മാനുഷികമായത് കൊണ്ട് തന്നെയാണെടോ ഓരോ

**"എത്രയോ ഇടങ്ങളിലാണ്
തിരുവചനം
എഴുന്നേൽപ്പിനെക്കുറിച്ച്
വാചലമാകുക!
നിരന്തരമായ
ഉയിർത്തെഴുന്നേൽപ്പ്
ജീവിതത്തിൽ
സംഭവിച്ചു കൊണ്ടിരിക്കണം"**



........................................

ഉയിർത്തെഴുന്നേൽപ്പും ദൈവികമാകുന്നതും!

"എഴുന്നേറ്റ് പ്രകാശിക്കുക" (യെശയ്യാ 60:1), 'എഴുന്നേറ്റ് നിലവിളിക്കുക" (വിലാപങ്ങൾ 2:19), 'എഴുന്നേറ്റ് പിന്തുടരുക" (1രാജാക്കന്മാർ 19:5-7) എത്രയോ ഇടങ്ങളിലാണ് തിരുവചനം എഴുന്നേൽപ്പിനെക്കുറിച്ച് വാചലമാകുക! നിരന്തരമായ ഉയിർത്തെഴുന്നേൽപ്പ് ജീവിതത്തിൽ സംഭവിച്ചു കൊണ്ടിരിക്കണം. ആശ്രമത്തിൽ എത്തിയ സന്ദർശകനോട് ആശ്രമാധിപൻ പറഞ്ഞത് പോലെ, "ഞങ്ങൾ വീഴും, വീഴുമ്പോഴെല്ലാം എഴുന്നേൽക്കും!". വീണയിടത്ത് തന്നെ തുടരുന്നതാണ് നമ്മുടെയൊക്കെ പ്രതിസന്ധി. ചില അഡിക്ഷനുകളിൽ ആയാലും ചില സാഹചര്യങ്ങളിൽ ആയാലും നാമിങ്ങനെ തുടരുന്നുണ്ടാവും. മരണത്തെയും ജയിച്ചെഴുന്നേറ്റ തമ്പുരാൻ നമ്മെ നോക്കി മന്ദഹസിക്കും; ഒരു എഴുന്നേൽപ്പ് സാധ്യമാണ്!

പെന്തിക്കോസ്തി ശുശ്രൂഷയിൽ കാർമികൻ ഉദ്ബോധിപ്പിക്കും; "ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേൽക്കുവിൻ". നമ്മുടെ വിൽപവറിനൊക്കെ ഒരു പരിധിയുണ്ടെന്നേ! ദൈവകൃപ ഒന്ന് കൊണ്ട് മാത്രമാണ് അർത്ഥവത്തായ എഴുന്നേൽപ്പുകൾ സാധ്യമാകുക. അതിന്റെ ശക്തമായ ഓർമപ്പെടുത്തലാണ് പുനരുത്ഥാനപ്പെരുന്നാൾ.

Fr. NITHIN P. KOSHY, BASIL DAYARA, PATHANAMTHITTA



# പുനരുത്ഥാനം
## സമൃദ്ധമായ ജീവനിലേക്കുള്ള യാത്ര

അസ്തമിച്ചു പോയ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും കുളിർമയുടെ നവ നാമ്പുകൾ സമ്മാനിക്കുന്നതാണ് ഉത്ഥാനം. ലാറ്റിൻ പദമായ Resurgere യിൽ നിന്നും  ആവിർഭവിച്ചതാണ് ഇംഗ്ലീഷ് പദമായ resurrection. Resurge എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം rise again എന്നാണ്. പതിമൂന്നാം നൂറ്റാണ്ടിൽ ആണ് resurrection എന്ന പദം പൊതുവെ ഉപയോഗിച്ച് തുടങ്ങുന്നത്. പൊതുവേ മരിച്ച അവസ്ഥയിൽ നിന്നുള്ള ഉയിർപ്പ് എന്ന തലത്തിലാണ് ഈ പദം കൂടുതലായി ഉപയോഗിക്കുന്നത്. എന്നാൽ ജീവനിലേക്ക് മടങ്ങുക (something that is figuratively brought by to life) നിർജീവ അവസ്ഥയിൽ നിന്നും ജീവാവസ്ഥയിലേക്ക് വരിക (something that is revived after a time of inactivity) എന്ന വിശാല അർത്ഥതലങ്ങളിലും ഈ പദം ഉപയോഗിക്കുന്നു.

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം ഉറപ്പിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ ഉയിർപ്പിലാണ്. 'ക്രിസ്തു ഉയിർത്തിയിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ വിശ്വാസം വ്യർത്ഥം' (1 കൊരിന്ത്യർ 15: 13 – 14.) എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യ ഫലമായി മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തിയിരിക്കുന്നു. (1 കൊരിന്ത്യർ 15 : 30) മരണത്തിന്റെ അധികാരത്തെ

## "കുഴിച്ചുമൂടിയ വിത്ത് പൊട്ടിമുളച്ച് വലിയ വൃക്ഷമായി വളർന്നത് ഉത്ഥാനത്തിന്റെ ശോഭയിലാണ്. മൂന്നാം നാൾ പൊട്ടിമുളച്ച വിത്തിൽ നിന്ന് വളർന്ന വടുവൃക്ഷമാണ് ക്രിസ്തുമതം...."

തകർത്ത് വിജയിയും വിശ്വസ്തനുമായി ഇന്നും സജീവമായിരിക്കുന്ന ക്രിസ്തു സാന്നിധ്യത്തെയാണ് വി. പൗലോസ് അപ്പോസ്തോലൻ അക്ഷരങ്ങളിലൂടെ ഉയർത്തി കാട്ടുന്നത്


"Now since you are celebrating the holy pascha you should know brethren and what is the pascha is. Pascha means the crossing over and so the festival is called by this name. For it was on this day that the children of Israel crossed over out of Egypt, and the son of god cross do over from this world to his father. What gain is to celebrate unless you imitate him who you worship ;that is unless you cross over from Egypt that is from the darkness of Evil doing to the light of virtue from the love of this world to the love of your heavenly home." (St Ambrose of Milan, the Sunday of the resurrection.)

കുഴിച്ചുമൂടിയ വിത്ത് പൊട്ടിമുളച്ച് വലിയ വൃക്ഷമായി വളർന്നത് ഉത്ഥാനത്തിന്റെ ശോഭയിലാണ്. മൂന്നാം നാൾ പൊട്ടിമുളച്ച വിത്തിൽ നിന്ന് വളർന്ന വടുവൃക്ഷമാണ് ക്രിസ്തുമതം. പാപത്തിന്റെ അന്ധകാരത്തിൽ ബന്ധിക്കപ്പെട്ട സൃഷ്ടിക്ക് വിമോചനവും തേജസും മഹിമയും തിരികെ ലഭിച്ചതിന്റെ ആഹ്ലാദമാണ് പുനരുത്ഥാന പെരുന്നാൾ. മഹത്തായ തേജസ് (glory) പാപവീഴ്ചയിലൂടെ നഷ്ടപ്പെട്ടു (lost glory). എന്നാൽ മനുഷ്യാവതാരത്തിന്റെ കേന്ദ്രബിന്ദുവായ ക്രൂശ് മരണം വഴിയായും രക്ഷാകരമായ പുനരുത്ഥാനത്തിന്റെ മാർഗത്തിലൂടെ നഷ്ടപ്പെട്ട ദൈവ ചൈതന്യം തിരികെ സൃഷ്ടിക്ക് ലഭിച്ചു (resumed glory). മൂന്നാം നാളിലെ ഉയർപ്പിന്റെ ആദ്യ പരാമർശം നാം ദർശിക്കുന്നത് ഹോശേയ പ്രവചനത്തിലാണ്. 'വരുവിൻ നാം യഹോവയുടെ അടുക്കലേക്ക് ചെല്ലുക അവൻ നമ്മെ കടിച്ചുകയറിയിരിക്കുന്നു. അവൻ സൗഖ്യമാക്കും അവൻ നമ്മെ അടിച്ചിരിക്കുന്നു


അവൻ മുറിവ് കിട്ടും. രണ്ടുദിവസം കഴിഞ്ഞിട്ട് അവൻ നമ്മെ ജീവിപ്പിക്കും. മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേൽപ്പിക്കും നാം അവന്റെ മുമ്പാകെ ജീവിക്കുകയും ചെയ്യും' (ഹോശയ 6: 1 –2).

യഹൂദ വിശ്വാസപ്രകാരം ആത്മാവ് ശരീരത്തെ വിട്ട് പൂർണമായി വേർപെടുന്ന ദിനമാണ് മൂന്നാം ദിവസം. മനുഷ്യന്റെ മണ്ണായ ശരീരം പൊടിയോട് ചേർന്ന് തുടങ്ങുന്ന സമയം സകല പ്രതീക്ഷകളും അസ്തമിക്കുന്ന നാഴിക. ഈ മൂന്നാം നാൾ മനുഷ്യന്റെ പ്രതീക്ഷകൾ അസ്തമിക്കുന്ന ബിന്ദുവിൽ ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിച്ചു തുടങ്ങുന്നു. Fringe of Man's expectation & the right time of God. മാനുഷിക സാധ്യതകൾ പരിമിതപ്പെട്ട് വാതിലുകൾ അടയുമ്പോൾ മൂന്നാം ദിനം ദൈവകരങ്ങൾ നിസ്സഹായനായ മനുഷ്യനുവേണ്ടി പ്രവർത്തിക്കും. യേശുവിന്റെ ബാല്യകാലത്ത് അവൻ മാതാപിതാക്കളോടൊപ്പം പെസഹ പെരുന്നാളിനായി യേറുശലേം ദേവാലയത്തിൽ ചെന്നു. പെരുന്നാളിന് ശേഷമുള്ള മടക്കയാത്രയിൽ യേശുവിനെ നഷ്ടപ്പെട്ട മാതാപിതാക്കളുടെ അനുഭവം വിശുദ്ധ ലൂക്കോസ് രേഖപ്പെടുത്തുന്നു (ലൂക്കോസ് 2: 41 –51). മൂന്നാം നാൾ കഴിഞ്ഞപ്പോൾ നഷ്ടപ്പെട്ട മകൻ ദേവാലയത്തിൽ പഠിപ്പിക്കുന്നത് കാണുന്നു. മൂന്നാം നാൾ നഷ്ടപ്പെട്ട സകല ബന്ധങ്ങളും, കൈമോശം വന്ന സൗഹൃദങ്ങൾ തിരികെ പിടിക്കേണ്ട കാലമാണ്.

തിരുവെഴുത്തിൻ പ്രകാരം കാനാവിലെ കല്യാണം മൂന്നാം നാളിലായിരുന്നു. പ്രതിസന്ധികൾ ഏറെ ഉണ്ടെങ്കിലും ശുഭമായി എല്ലാം പര്യവസാനിക്കുന്ന അനുഭവം (യോഹന്നാൻ 2:1–11). പ്രതിസന്ധികൾക്കു പരിഹാരം നൽകുന്ന ദൈവത്തിന്റെ കരം പ്രവർത്തിക്കുന്ന നാളാണ് മൂന്നാം ദിനം. മൂന്നു രാവും, മൂന്നു പകലും മത്സ്യത്തിന്റെ ഉള്ളിൽ കിടന്ന യോനയ്ക്ക് വിമോചനവും നിയോഗബോധ്യവും ഉണരുന്നത്



"വൈകാരികവും, മുൻവിധികളോടുകൂടിയതുമായ ബോധവികാര വിചാരങ്ങളിൽ നിന്നും പക്വതയുടെയും, ആത്മസമർപ്പണത്തിന്റെയും പാതയിലേക്ക് നമ്മുടെ ശരീരമനസ്സുകളെ നാം ഉയർത്തേണ്ടത് മൂന്നാം നാളിന്റെ വെളിച്ചത്തിലാകണം..."



മൂന്നാം നാളിന്റെ പാരമ്യതയിലാണ്. പ്രവാചകന് തന്റെ ആത്മീയ വിളിയുടെ ആന്തരീക പൊരുൾ മനസ്സിലാക്കിയ ദിനമാണ്. ശരിക്കും ആത്മീയ ജീവിതത്തിൽ ഒരു പുനർ ക്രമീകരണത്തിന്റെ സാധ്യത (Recycling in spirituality) മൂന്നാം ദിനം ഓർമ്മപ്പെടുത്തുന്നു.

ഈ മന്ദിരം പൊളിപ്പിൻ മൂന്നാം നാൾ ഞാനിതു പണിയും (വി: യോഹന്നാൻ 2:19) യെരുശലേം ദേവാലയത്തെക്കുറിച്ചാണ് പശ്ചാത്തലമെങ്കിലും തന്റെ ശരീരമാകുന്ന ആലയത്തെക്കുറിച്ചാണ് ക്രിസ്തുവിന്റെ സാക്ഷ്യം. ശരീരം ആലയമാണെന്നും അതിൽ വിശുദ്ധിയുടെ ആത്മാവ് കുടികൊള്ളുന്നു എന്നുമുള്ള ആഴമായ ഭാഷ്യമാണ് വചനം നൽകുന്നത്. മൂന്നാംനാൾ പ്രകാശമുള്ള ശരീരബോധത്തെക്കുറിച്ച് നമ്മുടെ ഹൃദയങ്ങളിൽ ബോധമുണരണം. വൈകാരികവും, മുൻവിധികളോടുകൂടിയതുമായ ബോധവികാര വിചാരങ്ങളിൽ നിന്നും പക്വതയുടെയും, ആത്മസമർപ്പണത്തിന്റെയും പാതയിലേക്ക് നമ്മുടെ ശരീരമനസ്സുകളെ നാം ഉയർത്തേത് മൂന്നാം നാളിന്റെ വെളിച്ചത്തിലാകണം (A tremendous change from impulsive personality to the status of reflective personality). പുനരുദ്ധാനം സമൃദ്ധമായ ജീവനിലേക്കുള്ള യാത്രയാണ്.

"നഷ്ടമതാം തന്നുരുവം വീ-
ണ്ടാദാമിൻ ജീർണ്ണ ശരീരം
പുതുതാക്കാനായ് മൃതലോക-
ത്തേക്കല്ലോ ദൈവമിറങ്ങി" (ക്യംതാ പ്രഭാതം)

സെന്റ് തോമസ് ഓർത്തഡോക്സ് വൈദീക സംഘത്തിന്റെ
ഔദ്യോഗിക മുഖപത്രം
അജപാലകൻ

ഫാ. ലിജോ തൂക്കനാൽ




അവൻ വിളക്കാണെന്നും, വിളക്ക് തണ്ടിന്മേൽ വെക്കണമെന്നുമൊക്കെ വിളിച്ചു പറഞ്ഞപ്പോൾ കേട്ടവർക്ക് അത്ര പിടികിട്ടിയില്ല. കുരിശിന്മേൽ തമ്പുരാൻ കിടന്ന പ്പോളാണ് വിളക്ക്തണ്ടിന്മേൽ വയ്ക്കുന്നതിന്റെ പൊരുൾ തിരിച്ചറിഞ്ഞത്. ആ വെട്ടത്തിൽ നിന്ന് ബോധം കിട്ടിയ ഒരുവൻ വിളിച്ചു പറഞ്ഞു ' ഇവൻ സത്യമായും ദൈവപുത്രനാണ് '.

കുറേ നുണകളുടെ കൂരമ്പാടികൾ ആണ് അവനെ കുരിശിലേറ്റിയത് നുണകളുടെ കുമിളകൾ പൊട്ടിച്ച് അവൻ പുറത്തുവന്നപ്പോൾ വീണ്ടും ആ സത്യം മൂടുവാൻ തുനിയുന്ന അധികാരവർഗ്ഗം. മേലധികാരികൾ പടയാളികളോട് പറയുന്നത് ' ഞങ്ങൾ ഉറങ്ങി പോയപ്പോൾ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചു കൊണ്ടുപോയി എന്ന് പറയണം. നിങ്ങൾക്ക് ഒന്നും പറ്റാതെ ഞങ്ങൾ സംരക്ഷിച്ചു കൊള്ളാം '.

നോക്കൂ അധികാര വർഗ്ഗത്തിന്റെ സ്വാർത്ഥതയും കൊള്ളരുതായ്മകളുടെയും സംരക്ഷകരായും വക്താക്കളായും തീരുകയാണ് അണികളും സേവകരും ഒക്കെ. അന്നു മാത്രമല്ല എന്നും, ഇന്നും, എല്ലായിടത്തും. നമ്മുടെ ചുറ്റുവട്ടത്ത് പോലും.

വിളക്കിനൊപ്പം ഉള്ള ഈ നടപ്പാണ് ഇനി. കണ്ണുതുറന്ന് നടക്കണം സത്യം തൊട്ടറിയാൻ ഉള്ളതാണ്. അങ്ങനെ തൊട്ടറിഞ്ഞ സത്യത്തെക്കുറിച്ച് ധീരനായ ശിഷ്യൻ വിളിച്ചുപറഞ്ഞു 'എന്റെ കർത്താവും എന്റെ ദൈവവുമേ'. അവന്റെ പാരമ്പര്യമുണ്ട് നമുക്ക് ആ ധൈര്യവും കെടാതിരിക്കട്ടെ നമ്മുടെ ഉള്ളിൽ നിന്നും.